# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5467** **01.07.2014** ൽ മറുപടിയ്ക്ക്

### ധാതു മണൽ ശേഖരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.കെ. ഗുരുദാസൻ<br>" രാജു എബ്രഹാം<br>" ആർ.രാജേഷ്<br>ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ മൊത്തം സമ്പദ്ഘടനയെ തന്നെ മാറ്റിയെടുക്കാൻ കഴിയുന്ന തരത്തിലുള്ള ധാതുമണൽ ശേഖരം പൊതുമേഖലയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ധാതുമണൽ ശേഖരം പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്തു നിന്ന് വൻതോതിൽ ധാതുമണൽ അയൽ സംസ്ഥാനത്തു നിന്നുള്ള സ്വകാര്യ വ്യക്തികൾ കടത്തിക്കൊണ്ടു പോകുന്നുവെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടു പോകുന്നുവെന്ന് പത്രവാർത്തകൾ വന്നതിനെ തുടർന്ന് പോലീസ്, റവന്യൂ അധികാരികളുടെ സഹായത്തോടെ ധാതുകടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ ദക്ഷിണ മേഖലാ മിനറൽ സ്ക്വാഡ് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. ധാതു കടത്തു തടയുന്നതിനായി പോലീസ് പിക്കറ്റ് നിലവിലുണ്ട്. കൂടാതെ പോലീസ് പെട്രോളിങ് നടത്തുന്നുണ്ട്. കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസ്സീൽദാർ |

| | | | |
|---|---|---|---|
| | | | എന്നിവരടങ്ങിയ മറ്റൊരു സ്ക്വാഡും നിലവിലുണ്ട്. ആഭ്യന്തര വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) ന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**